MEDICAL DEPARTMENT—EX-RAY AND RADIUM SECTION—PRESENT METHOD OF SHARING OF FEES RECEIVED

206. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ ഡിപ്പാർട്ട്മെണ്ടിലെ എക്സ്റേ, റേഡിയം ശാഖയിൽ ഉണ്ടാകുന്ന മുതലെടുപ്പ് അവിടത്തെ ജോലിക്കാരും ഗവണ്മെണ്ടുംകൂടി വീതിച്ചെടുക്കുന്ന നടപടി നിറുത്തലാക്കാൻ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ വിഷയത്തിൽ മദ്രാസ്, കൽക്കത്താ മുതലായ സംസ്ഥാന ഗവണ്മെണ്ടുകൾ അംഗീകരിച്ചിട്ടുള്ള നടപടിയെന്താണെന്ന ഗവണ്മെണ്ടിന്ന വിവരമുണ്ടോ;

(സി) ഈ രീതിയിലുള്ള വരുമാനം പങ്കുവെക്കൽ ഏതെങ്കിലും ഗവണ്മെണ്ട് അനുവദിക്കുന്നതായി അറിയാമോ?

റാവു ബഹദൂർ ടി. കെ. നായർ :

(എ) ഇതിനെപ്പറ്റി ആലോചിക്കുന്നുണ്ട്.

(ബി) മദിരാശിയിൽ ഈ സമ്പ്രദായം ഇല്ല. മറ്റുള്ള സ്ഥലങ്ങളിലെ നടപടി എന്തെന്ന നിശ്ചയമില്ല.

(സി) അറിവില്ല.

RENT CONTROL CASES—DETAILS REGARDING

207. **Mr. Parambi Lonappen** *(Irinjalakkuda)*: Will Government be pleased to state:—

(*a*) how many rent control cases were filed prior to 1st October 1946, relating to houses in (1) Ernakulam, (2) Mattancheri and (3) Trichur;

(*b*) how many of them still remain to be disposed of;

(*c*) how many of these were for (1) Eviction and (2) fixing fair rent?

Mr. C. R. Iyyunni *(Minister for Revenue)*:

(*a*) (1) 224
(2) 348
(3) 188

(*b*) (1) } 85
(2) }
(3) 44

(*c*) (1) 657
(2) 103.

PROCEEDINGS ISSUED BY THE L.S.G. DEPARTMENT DATED 21-1-1946—ISSUE OF CONTRARY ORDERS BY COMMISSIONER OF POLICE—FACTS REGARDING

208. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ലോക്കൽ സെൽഫ് ഗവണ്മെണ്ട ഡിപ്പാർട്ടുമെണ്ടിൽ നിന്നും ഫൻ ർ ന്യ ജനവരി ൨ ഫ-ാംന- D. Dis. ൭൭ ഫന/൨ ഫ ആയി പുറപ്പെടുവിച്ചിട്ടുള്ള ഗവണ്മെണ്ട പ്രൊസീഡിംഗ്സിനു എതിരായി പുതിയ പോലീസ് കമ്മീഷണർ അവർകളും എന്തെങ്കിലും കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്ന കാരണമെന്ത്?

റാവു സാഹിബ് കെ. അയ്യപ്പൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

VADAVUKODE F. P. SHOP

209. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവണ്മെണ്ട സദയം മറുപടി പറയുമോ.—

(എ) വടവുകോട് ഫെയർ പ്രൈസ് ഷാപ്പിലെ ഇപ്പോഴത്തെ മാനേജർ ആരാണ്;

(ബി) മാനേജരാകുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ ജോലി എന്തായിരുന്നു;

(സി) അദ്ദേഹത്തെ തിരുവിതാംകൂർ ഗവണ്മെണ്ട വല്ല കുറ്റത്തിനും ശിക്ഷിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) പി. പി. പെഴലോസ്.

(ബി) Rs. 25-40 grade ഗോഡൌൺ ഇൻസ്പെക്ടരുടെ ആഫീസ്സിൽ ഒരു ക്ലാർക്ക് ആയിരുന്നു.

(സി) ശിക്ഷിച്ചതായിട്ട് ഇവിടെ അറിവില്ല.

TOBACCO AND CIGARETTES—LICENSING SYSTEM

210. മിസ്റ്റർ പി. ടി. ജാക്കബ്:

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ഏതെങ്കിലും ഒരു "ബി" ക്ലാസ്സ് പുകയില ലൈസൻസ്സുകാരൻ സ്റ്റോറിലുള്ള ഏതെങ്കിലും ഒരു "എ" ക്ലാസ്സുകാരനോട് സ്ഥലം എ ക്ലാസ്സുകാരന്റെ കൈവശം ഇല്ലാത്ത മറേതെങ്കിലും സിഗററുകളൊ മറെറാ വാങ്ങി വില്ക്കുന്ന എന്ന കാരണത്താൽ തന്റെ അതൃത്തിയിൽപെട്ട ഏ ക്ലാസ്സ് ലൈസൻസ്സുകാരൻ ആ "ബി" ക്ലാസ്സുകാരന് പതിവായി എടുത്തുകൊണ്ടിരിക്കുന്ന സിഗറെറാ മറെറ സാധനങ്ങളൊ കൊടുക്കാതിരിക്കുവാൻ അധികാരമുണ്ടൊ;

(ബി) കൊച്ചിയിൽ ഇന്നു നിലവിലിരിക്കുന്ന ഏ ക്ലാസ്സു പുകയില കുത്തകക്കാരുടെ ഇറക്കുമതി, വില്പന മുതലായ അവകാശങ്ങളെന്തെല്ലാമാണ്;

(സി) ഒരു "ബി" ക്ലാസ്സു പുകയില കുത്തകക്കാരനു കൊച്ചിസംസ്ഥാനത്തുള്ള ഏതെങ്കിലും "എ" ക്ലാസ്സു കുത്തകക്കാരനോട് ചരക്കുകൾ വാങ്ങാമെന്നുണ്ടെങ്കിലും അതൃത്തിയിലുള്ള "എ" ക്ലാസ്സുകാരൻ അയാൾക്കു ആവശ്യമുള്ള ചരക്കു കൊടുക്കുവാൻ നിർബ്ബന്ധിതനല്ലെ; അങ്ങിനെ അല്ലെങ്കിൽ ഒരു പ്രത്യേക അതൃത്തിക്കകത്തു പ്രത്യേകം "എ" ക്ലാസ്സു കുത്തകക്കാരന്റെ ആവശ്യമെന്താണ്;

(ഡി) ഗവൺമെണ്ടൊ, ഉല്പാദക വ്യവസായികളൊ, അവരുടെ ഏജണ്ടുമാരൊ ക്ലിപ്തപ്പെടുത്തിട്ടുള്ള വിലക്കു വില്പാനുള്ള അവകാശം മാത്രമല്ലെ ലേലപ്രകാരം "എ" ക്ലാസ്സുകാരനൊ "ബി" ക്ലാസ്സുകാരനൊ നൽകപ്പെടുന്നുള്ളു; അല്ലാതെ ക്ലിപ്തവിലയുള്ള സാധനങ്ങൾക്കു ഇഷ്ടമുള്ള വിലയിട്ട് വില്പാനുള്ള അവകാശമാണൊ ലേലം വിളിച്ചു നൽകപ്പെടുന്നതു?

റാവു ബഹദൂർ ടി. കെ. നായർ:

(എ) അധികാരമില്ല.

(ബി) ഈ വിവരങ്ങൾ പുകയില ഷാപ്പ് ലേലപരസ്യത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

(സി) "ബി" ക്ലാസ്സു ഷാപ്പുകാരുടെ സൌകര്യത്തിനുവേണ്ടിയാണ് പ്രധാനപ്പെട്ട സകല സ്ഥലങ്ങളിലും "എ" ക്ലാസ്സുകൾ സ്ഥാപിച്ചിരിക്കുന്നതു.

(ഡി) ന്യായമായ വിലക്കു വില്പാനാണ് "എ" "ബി" ക്ലാസ്സുകൾ ലേലം ചെയ്യുന്നതു.

II. President's announcement regarding (i) receipt of nominations for the Maharaja's Technological Institute, Advisory Board

Mr. President: I have to announce that at 5 p.m. yesterday afternoon, the time appointed for receiving nomination papers no nomination paper had been received for the election of a member to the Maharaja's Technological Institute Advisory Board. Hence the election fixed at 5 p.m. to day is postponed to 5 p.m. tomorrow and the Secretary to the Council will receive nomination papers for this election up to 5 p.m. today.

(ii) Maharaja's College Advisory Committee

The term of the Maharaja's College Advisory Committee has expired and a fresh committee has to be constitued. The election of a member tothis committee will also be conducted at 5 p.m. tomorrow afternoon. Nominations for this election will be received by the Secretary to the Council up to 5 p.m. today. The House will now resume discussion on the Minimum Wages Bill.

LIBRARY ARCHIVES Kerala Legislative Assembly